## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2984** | **07.12.2018-ൽ മറുപടിക്ക്**

## അസംഘടിത തൊഴിലാളികളുടെ തൊഴിൽസാഹചര്യവും വേതനവും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം ഉമ്മർ : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക് സൈസും വകുപ്പ് മന്ത്രി |
| (എ) കടകളിലും വാണിജ്യസ്ഥാപനങ്ങളിലും ജോലിചെയ്യുന്ന അസംഘടിത തൊഴിലാളികളുടെ തൊഴിൽ സാഹചര്യവും വേതനവും മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (എ) സ്ത്രീകൾ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് തൊഴിൽ സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 16/09/2015 ലെ ജി.ഒ(പി) നം.134/15/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം, 1961 ലെ കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ചട്ടങ്ങളിൽ ഭേദഗതി വരുത്തുകയും ആവശ്യമായ വിശ്രമ സ്ഥലം, സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേകം ടോയ് ലെറ്റ് സൗകര്യം, 20 ഉം അതിൽ കൂടുതലും തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ ക്രഷ് സൗകര്യം, സൗജന്യ താമസ സൗകര്യം എന്നിവ നൽകണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട് ടി വ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കുവാനും ഉറപ്പ് വരുത്തുവാനും എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. 2018 ലെ കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമഭേദഗതി ഓർഡിനൻസ് വകുപ്പ് 21 (ബി) പ്രകാരം തൊഴിലാളികൾക്ക് ജോലി സ്ഥലത്ത് ഇരിപ്പിട സൗകര്യം തൊഴിലുടമ ഏർപ്പെടുത്തി നൽകണമെന്ന് വ്യവസ്ഥ ചെയ്യുന്നു. കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന തൊഴിലാളികളുടെ മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. അസംഘടിത മേഖലയിലെ തൊഴിലാളിക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതന വിതരണത്തിൽ സുതാര്യത ഉറപ്പ് വരുത്തുന്നതിലേക്കുമായി വേതന സുരക്ഷാപദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |

| | |
|---|---|
| (ബി) സ്വകാര്യ വാണിജ്യസ്ഥാപനങ്ങൾക്ക് ഗ്രേഡിംഗ് ഏർപ്പെടുത്തുന്ന നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ; | (ബി) കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്, ഫാക്ടറീസ് ആക്ട് എന്നിവയ്ക്ക് കീഴിൽ വരുന്ന തൊഴിൽ സ്ഥാപനങ്ങൾക്കും വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്കും ഗ്രേഡിംഗ് ഏർപ്പെടുത്തുന്നതിന് തീരുമാനിക്കുകയും തൊഴിലുടമകൾ തൊഴിലാളികൾക്ക് നൽകുന്ന സേവനവേതന വ്യവസ്ഥകളുടെയും മറ്റ് പ്രവർത്തന മികവിന്റെയും അടിസ്ഥാനത്തിൽ പ്രോത്സാഹനം നൽകി അംഗീകരിക്കാനും ആയതിന് സർട്ടിഫിക്കറ്റ് ഓഫ് എക്സലൻസ് നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തു. 2017 വർഷത്തെ ഗ്രേഡിംഗിനായി ആകെ 941 അപേക്ഷകൾ ലഭിച്ചു. ആയതിൽ നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം 446 സ്ഥാപനങ്ങളെ ഗ്രേഡിംഗിനായി പരിഗണിക്കുകയും ഇതിൽ 271 സ്ഥാപനങ്ങൾ വജ്ര ഗ്രേഡിനും, 119 സ്ഥാപനങ്ങൾ സുവർണ്ണ ഗ്രേഡിനും, 56 സ്ഥാപനങ്ങൾ രജത ഗ്രേഡിനും അർഹമായി. ടി സ്ഥാപനങ്ങൾക്കുള്ള സർട്ടിഫിക്കറ്റുകൾ 15.10.2018-ൽ എറണാകുളത്ത് വച്ച് നടന്ന ചടങ്ങിൽ വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം ഗ്രേഡിംഗ് ഏർപ്പെടുത്തുന്ന നടപടികൾ പ്രാരംഭ ദിശയിലാണ്. |
| (സി) പ്രസ്തുത ഗ്രേഡിംഗ് സമ്പ്രദായം ഏർപ്പെടുത്തുമ്പോൾ സ്ത്രീ സൗഹൃദ അന്തരീക്ഷം ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ? | (സി) ഗ്രേഡിംഗ് സമ്പ്രദായത്തിൽ, സ്ഥാപനങ്ങളെ ഗ്രേഡിംഗിനായി പരിഗണിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളിൽ സ്ത്രീ സൗഹൃദ അന്തരീക്ഷം ഒരു മാനദണ്ഡമായി ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഇതിന്റെ ചോദ്യാവലിയിൽ സ്ത്രീ സുരക്ഷ, യാത്രാ സൗകര്യം, പ്രസവാവധി ആനുകൂല്യങ്ങൾ, ഹോസ്റ്റൽ സൗകര്യം എന്നിവ ഉറപ്പുവരുത്തുന്നത് സംബന്ധിച്ച ചോദ്യങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.